പുതുപ്പള്ളി ഐ. എച്ച്. ആർ. ഡി. യിൽ എം. സി. എ. കോഴ്സിന് അനുമതി നൽകാൻ നടപടി

129 (3006) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുപ്പള്ളി ഐ. എച്ച്. ആർ. ഡി. സെന്ററിൽ എം.സി.എ. കോഴ്സ് തുടങ്ങുന്നതിന് യൂണിവേഴ്സിറ്റി അംഗീകാരം നൽകിയിരുന്നോ ;

(ബി) എങ്കിൽ എന്നാണ് നൽകിയത് ;

(സി) എം. സി. എ. കോഴ്സ് നടത്തുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) അടുത്ത അദ്ധ്യയന വർഷം എം. സി. എ. കോഴ്സ് തുടങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) അംഗീകാരം ലഭിച്ചിട്ടില്ല.

(സി & ഡി) എ. ഐ. സി. റ്റി. ഇ. യുടെ അംഗീകാരം ലഭിക്കാത്തതാണ് കാലതാമസത്തിന് കാരണം. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കോഴ്സ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ഫാർമസ്യൂട്ടിക്കൽ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

130 (3007) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട ഫാർമസ്യൂട്ടിക്കൽ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഏതൊക്കെ മേഖലകളിലെ സാങ്കേതിക വൈദഗ്ധ്യവും ആവശ്യകതയും കണക്കിലെടുത്താണ് കോഴ്സുകളുടെ രൂപരേഖ തയ്യാറാക്കിയതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ മേഖലയിലെ വിദേശ തൊഴിൽ സാദ്ധ്യത കണക്കിലെടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) അന്വേഷണത്തിൽ ഇപ്രകാരം ഒരു നിർദ്ദിഷ്ട ഫാർമസ്യൂട്ടിക്കൽ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെപ്പറ്റി ഗവൺമെന്റിന് അറിവില്ല.

കാസർഗോഡ് എൽ. ബി. എസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്

131 (3008) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് എൽ. ബി. എസ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് 1995-96 വർഷത്തിൽ ഒരു ലക്ഷം രൂപ ഡിപ്പോസിറ്റ് ചെയ്ത് ബി.ടെക്

LIBRARY ARCHIVES Kerala Legislative Assembly

കോഴ്സിന് ചേർന്ന് കോഴ്സ് പൂർത്തിയാക്കിയ ശേഷം ശ്രീ. അശ്വനികുമാർ എന്ന വിദ്യാർത്ഥി താൻ ഒടുക്കിയ ഡിപ്പോസിറ്റ് തുക വ്യവസ്ഥയനുസരിച്ച് തിരിച്ച് നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇയാളുടെ ഡിപ്പോസിറ്റ് തുക തിരിച്ച് നൽകിയോ ;

(സി) തിരിച്ച് നൽകിയിട്ടില്ലായെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) കോഴ്സ് പൂർത്തീകരിച്ച് കഴിഞ്ഞതിനാൽ വ്യവസ്ഥ അനുസരിച്ച് ഡിപ്പോസിറ്റ് തുക തിരികെ നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) 1995-96 വർഷത്തിൽ അഡ്മിഷൻ കിട്ടി കോഴ്സ് പൂർത്തിയാക്കിയ എല്ലാപേർക്കും തിരിച്ചു നൽകുവാൻ വേണ്ട ഫണ്ടില്ല. ഡിപ്പോസിറ്റായി ലഭിച്ച തുക മുഴുവനും കോളേജിന്റെ കെട്ടിട നിർമ്മാണത്തിനും, എ.ഐ.സി.റ്റി.ഇ. നിബന്ധന പ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും വിനിയോഗിച്ചിരിക്കുകയാണ്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകരുടെ വേതനം

132 (3009) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ വേതന ഘടന എ. ഐ. സി. റ്റി. ഇ. മാനദണ്ഡപ്രകാരം ഏതു തീയതി മുതൽക്കാണ് പരിഷ്ക്കരിക്കേണ്ടതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ശമ്പള പരിഷ്ക്കരണം മൂലമുണ്ടാകുന്ന അധിക ബാദ്ധ്യത താങ്ങുവാൻ ഏതെങ്കിലും ഏജൻസിയിൽ നിന്നും സർക്കാരിന് തുക ലഭിക്കുന്നുണ്ടോ ;

(സി) ശമ്പള പരിഷ്ക്കരണം നടത്താത്ത സാഹചര്യത്തിൽ തുക നഷ്ടപ്പെടാൻ ഇടവരുമോ ;

(ഡി) എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ ശമ്പള പരിഷ്ക്കരണത്തിനുള്ള കാലതാമസമെന്താണെന്നും എന്നത്തേക്ക് ശമ്പള പരിഷ്ക്കരണം നടത്തുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1-1-1998- മുതൽ പരിഷ്ക്കരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly